പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1556 21.01.2014 ൽ മറുപടിക്ക്

## സർക്കാർ പരസ്യങ്ങൾക്ക് വേണ്ടി ചെലവഴിച്ച തുക

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ. രാധാകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ പരസ്യങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ പരസ്യങ്ങൾക്കുവേണ്ടി ഫീൽഡ് പബ്ളിസിറ്റി എന്ന ശീർഷകത്തിൽ നിന്നുൾപ്പെടെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**അച്ചടിമാധ്യമങ്ങൾ:-** ലഭ്യമായകണക്കുകൾ പ്രകാരം 67,03,08,152/- രൂപ ചെലവായി. ഇതിൽ ഏകദേശം 28,68,17,708/- രൂപ മുൻ സർക്കാരിന്റെ കാലത്തെ കുടിശ്ശിക ഇനത്തിൽ ചിലവായതും, 38,34,90,444/- രൂപ ഈ സർക്കാരിന്റെ കാലത്ത് പരസ്യയിനത്തിലും ചെലവഴിച്ചിട്ടുള്ളതാണ്.<br>**ഇലക്ട്രോണിക്മാധ്യമങ്ങൾ:-**14,67,63,442/- രൂപ ചെലവായി ഇതിൽ ഏകദേശം 1,67,64,061/- രൂപ മുൻ സർക്കാരിന്റെ കുടിശ്ശികയിനത്തിലും, 12,99,99,381/- രൂപ ഈ സർക്കാരിന്റെ കാലത്ത് പരസ്യ ഇനത്തിലും ചെലവഴിച്ചിട്ടുള്ളതാണ്. |
| (ബി) മുഖ്യമന്ത്രിയുടെ രണ്ട് ജനസമ്പർക്ക പരിപാടികൾക്കു വേണ്ടി പരസ്യത്തിനായി ആകെ എന്തു തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടികൾക്കു വേണ്ടി പരസ്യം നൽകിയതിൽ ബില്ലുകൾ ലഭ്യമായിട്ടില്ല. |
| (സി) 2011-12,2012-13,2013-14 വർഷങ്ങളിൽ ബഡ്ജറ്റിൽ ഇപ്രകാരം സർക്കാർ പരസ്യങ്ങൾക്കുവേണ്ടി വകയിരുത്തിയ തുകയുടെയും ചിലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (സി) | 2011-12,2012-13,2013-14 വർഷങ്ങളിൽ ബജറ്റിൽ വകയിരുത്തിയ തുകയുടേയും ചിലവഴിച്ച തുകയുടേയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

(Contd....2

| ഇനം | സാമ്പത്തിക വർഷം | ബജറ്റ് | അഡിഷണൽ ഫണ്ട് | ചെലവഴിച്ച തുക |
|---|---|---|---|---|
| ടെൻഡർ/ നോൺടെൻഡർ | 2011-12 | 2 കോടി | 4 കോടി | 6 കോടി |
| | 2012-13 | 2 കോടി | 4 കോടി | 6 കോടി |
| | 2013-14 | 5 കോടി | 1.5 കോടി | 5 കോടി |
| ഇലക്ട്രോണിക് മീഡിയ | 2011-12 | 2 കോടി | 4 കോടി | 5,28,93,924 |
| | 2012-13 | 2 കോടി | - | 2 കോടി |
| | 2013-14 | 4 കോടി | 1.5 കോടി | 3,65,40,008 |
| ഡിസ്പ്ളേ | 2011-12 | 15,90,00,000 | 9 കോടി | 24,89,97,778 |
| | 2012-13 | 2 കോടി | 13 കോടി | 15 കോടി |
| | 2013-14 | 10 കോടി | - | 9,99,99,617 |

സെക്ഷൻ ഓഫീസർ